# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നത് - അപാകതകൾ പരിഹരിച്ച് ഉത്തരവാകുന്നു.

പരാമർശം :1) ഈ ഓഫീസിലെ 29.02.2016-ലെ ഇ22/12300/2015/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
2) ശ്രീമതി. ഗീതാകുമാരി. ജി 05.02.2019-ൽ സമർപ്പിച്ച അപേക്ഷ
3) ശ്രീമതി. ഇന്ദു. എ 15.02.2019-ൽ സമർപ്പിച്ച അപേക്ഷ
4) ജി.ഒ(എം.എസ്) നം. 203/10/തസ്വഭവ തീയതി 08.09.2010
5) ശ്രീ. എ ഗോപി 11.05.2017-ൽ സമർപ്പിച്ച അപേക്ഷ
6) 04.10.2018-ലെ ഇ5/7701/18/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
7) ഇ22/2429/2019/സിഇ/തസ്വഭവ തീയതി 12.03.2019

## ഉത്തരവ് നം . ഇ22-2429/2019/സിഇ/തസ്വഭവ തീയതി. 13.05.2019

ശ്രീമതി. ഗീതാകുമാരി. ജി പരാമർശം (1) പ്രകാരമുള്ള ഈ വകുപ്പിലെ രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നമ്പർ 1235 ആയി ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ടിയാളുടെ യോഗ്യത ഡിപ്ലോമ സിവിൽ എന്നതിന് പകരം ഡ്രാഫ്റ്റ്മാൻ സിവിൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ഇതിനാൽ ഡിപ്ലോമ സിവിൽ എന്ന് മാറ്റി ക്രമപ്പെടുത്തിയിരിക്കുന്നു.

ശ്രീമതി. ഇന്ദു. എ എന്നവർ ഈ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം ബ്ലോക്ക്പഞ്ചായത്തിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി സെക്ഷനിൽ രണ്ടാംതരം ഓവർസിയറായി സേവനമനുഷ്ഠിക്കുന്നവരാണ്. ടിയാൾ പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 01.01.2010-ൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. എന്നാൽ ഇതുവരെയും ടിയാൾ രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അപ്രകാരം സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാളെ രണ്ടാംതരം ഓവർസിയർമാരുടെ പരാമർശം (3) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 779 ശ്രീ. രമേഷ് കുമാർ. എൻ എന്നവർക്കും, റാങ്ക് നം. 780 ശ്രീമതി. ജീജ പി.സി എന്നവർക്കും മദ്ധ്യേ 779(a) എന്ന് റാങ്ക് നൽകി ഉൾപ്പെടുത്തിയിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ വെള്ളനാട് ബ്ലോക്ക്പഞ്ചായത്തിന് കീഴിലുള്ള തൊളിക്കോട് / ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി സെക്ഷനിൽ രണ്ടാം തരം ഓവർസിയറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എ. ഗോപി എന്നവരുടെ രണ്ടാംതരം ഓവർസിയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ തീയതി പരാമർശം (6) പ്രകാരം 26.07.2010 എന്ന് പുനഃക്രമീകരിച്ചിട്ടുണ്ട്. ആയതിനാൽ രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ റാങ്ക്, റാങ്ക് നമ്പർ 765 ശ്രീമതി. ബിന്ദു. ജെ എന്നവർക്കും, റാങ്ക് നം. 766 ശ്രീ. പ്രദീപ് കുമാർ. കെ.ടി എന്നവർക്കും മദ്ധ്യേ 765(a) എന്ന് നൽകിക്കൊണ്ട് സീനിയോരിറ്റി ക്രമപ്പെടുത്തിയിരിക്കുന്നു.

രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ മേൽ പ്രസ്താവിക്കപ്പെട്ട മാറ്റങ്ങൾ വരുത്തിക്കൊണ്ട് പരാമർശം (7) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ആക്ഷേപങ്ങളോ പരാതികളോ ഈ ഓഫീസിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ടി മാറ്റങ്ങൾ രണ്ടാംതരം ഓവർസിയർമാരുടെ പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ് :
1) എല്ലാ നിയന്ത്രണാധികാരികൾക്കും / (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്)
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന
3) കരുതൽ ഫയൽ
4) ഇ9/ഇ3 സെക്ഷൻ

P 570